# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഒക്ടോബർ 30**

---

## എം.ജി സർവകലാശാലാ കാമ്പസ് കാർണിവൽ പി.കെ. മേദിനി ഉദ്ഘാടനം ചെയ്യും

മഹാത്മാ ഗാന്ധി സർവകലാശാലാ ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ സംഘടിപ്പിക്കുന്ന കാമ്പസ് കാർണിവൽ എനിഗ്മയ്ക്ക് തുടക്കമായി. ആദ്യ ദിനമായ ഇന്നലെ(ഒക്ടോബർ 30) വിളംബര ഘോഷയാത്രയും വിദ്യാർഥികളുടെ ഫ്ളാഷ് മോബും നടന്നു.

ഉദ്ഘാടനം ഇന്നു(ഒക്ടോബർ 31) വൈകുന്നേരം നാലിന് സർവകലാശാലാ അസംബ്ലി ഹാളിൽ വിപ്ലവ ഗായിക പി.കെ. മേദിനി നിർവഹിക്കും സർവകലാശാലാ ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ചെയർപേഴ്സൺ പി. അഖിൽ അധ്യക്ഷത വഹിക്കും. സർവകലാശാലാ രജിസ്ട്രാർ ബി. പ്രകാശ്കുമാർ മുഖ്യ പ്രഭാഷണം നടത്തും.

സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ, ഡി.എസ്.എസ് ഡയറക്ടർ സാമുവൽ ഏബ്രഹാം, സെനറ്റ് അംഗം ഡോ. ബിജു. ഏബ്രഹാം, ഡി.എസ്.യു ജനറൽ സെക്രട്ടറി വി. ആദിത്യ, വൈസ് ചെയർപേഴ്സൺ സി.എസ്. ഗോപിക, സർവകലാശാലാ യൂണിയൻ ചെയർപേഴ്സൺ രാഹുൽമോൻ രാജൻ, സെനറ്റ് അംഗം അശ്വിൻ രാജൻ വർഗീസ്, സ്റ്റുഡന്റ്സ് കൗൺസിൽ അംഗങ്ങളായ അബിൻ തോമസ്, എം.എസ്. മിഥുൻ, ജി. ശൈലനാഥ് എന്നിവർ സംസാരിക്കും.

നാലു വേദികളിലായി നവംബർ മൂന്നുവരെ നീണ്ടു നിൽക്കുന്ന കാമ്പസ് കാർണിവലിന്റെ ഭാഗമായി പ്രഭാഷണങ്ങൾ, ചർച്ചകൾ, കലാപരിപാടികൾ, ഭക്ഷ്യമേളകൾ എന്നിവ നടക്കും. ചരിത്രകാരൻ വിനിൽ പോൾ, കവികളായ അൻവർ അലി, എം.ആർ. രേണുകുമാർ തുടങ്ങിയവർ വിവിധ സെഷനുകളിൽ സംസാരിക്കും.

ട്രഷർ ഹണ്ട് പ്രശ്നോത്തരി, ഫേസ് ആർട്ട്, റീൽസ്, സ്പോട്ട് ഫോട്ടോഗ്രാഫി, ബോട്ടിൽ ആർട്ട്, ചെസ് തുടങ്ങി വിവിധ ഇനങ്ങളിൽ മത്സരങ്ങളുണ്ട്. ചെണ്ട-വയലിൻ ഫ്യൂഷൻ പരിപാടി ത്രിശംഖ്, മ്യൂസിക് ബാൻഡ് മറ്റഡോറിയയുടെ ഗാനസന്ധ്യ എന്നി

വയും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. കാർണിവൽ ലോഗോ സിൻഡിക്കേറ്റ് അംഗം ഡോ. എസ്. ഷാജില ബീവി പ്രകാശനം ചെയ്തു.

(പി.ആർ.ഒ/39/1295/2023)

## എം.ജി സർവകലാശാലയിൽ കൊറിയ സെന്റർ ഉദ്ഘാടനം ഇന്ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ കൊറിയ സെന്റർ ഇന്ന് (ഒക്ടോബർ 31) പ്രവർത്തമാരംഭിക്കും. രാവിലെ 10.30ന് സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് സെമിനാർ ഹാളിൽ നടക്കുന്ന ചടങ്ങിൽ സെന്ററിന്റെ ഉദ്ഘാടനം ഇന്ത്യയിലെ ദക്ഷിണ കൊറിയൻ അംബാസഡർ ചാംഗ് ജീ ബോക്ക് നിർവഹിക്കും.

വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിക്കും. കൊറിയ സെന്ററിന്റെ സ്കോളർ ഇൻ റസിഡൻസ് ആയ കൊറിയയിലെ കിം ദേ ജംഗ് അക്കാദമി ഓഫ് പൊളിറ്റിക്സ് ചെയർമാൻ ഡോ. പെയ്ക് ഹാക്സൂണും പങ്കെടുക്കും.

(പി.ആർ.ഒ/39/1296/2023)

## പരീക്ഷാ ഫലം

എം.എസ്.സി ബോട്ടണി നാലാം സെമസ്റ്റർ(2021 അഡ്മിഷൻ റെഗുലൽ ജൂൺ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് അടച്ച് നവംബർ 12 വരെ ഓൺലൈനിൽ സമർപ്പിക്കാം.

...................

അഞ്ചാം സെമസ്റ്റർ ഐ.എം.സി.എ(2019 അഡ്മിഷൻ റെഗുലർ, 2017, 2018 അഡ്മിഷനുകൾ സപ്ലിമെന്ററി, ഡി.ഡി.എം.സി.എ(2015, 2016 അഡ്മിഷനുകൾ സപ്ലിമെന്ററി, 2014 അഡ്മിഷൻ മെഴ്സി ചാൻസ്- മാർച്ച് 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 13 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/1297/2023)

## പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ ബി.എച്ച്.എം(2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 അഡ്മിഷൻ സപ്ലിമെന്ററി-പുതിയ സ്കീം) പരീക്ഷ നവംബർ 10ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1298/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

അഞ്ചാം സെമസ്റ്റർ ബി.എച്ച്.എം(2016 മുതൽ 2019 വരെ അഡ്മിഷൻ സപ്ലിമെന്ററി, 2013, 2014, 2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്-പഴയ സ്കീം) പരീക്ഷകൾക്ക് നവംബർ ഒൻപതു വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ഫൈനോടു കൂടി നവംബർ പത്തിനും സൂപ്പർ ഫൈനോടു കൂടി 13നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1299/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്.സി കെമിസ്ട്രി(ഇൻഡസ്ട്രിയൽ കെമിസ്ട്രി ഒഴികെയുള്ള എല്ലാ ബ്രാഞ്ചുകളും-സി.എസ്.എസ് 2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2021 വരെയുള്ള അഡ്മിഷനുകൾ സപ്ലിമെന്ററി- ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ ഒന്നു മുതൽ വിവിധ കോളജുകളിൽ നടത്തും.

(പി.ആർ.ഒ/39/1300/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**